കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ പണിയുന്നതിന് ഈഞ്ചക്കലിൽ സ്ഥലം എടുക്കാനുള്ള നിർദ്ദേശം

94(1021) ശ്രീ. സി. കാർത്തികേയൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ബസ് സ്റ്റേഷൻ പണിയുന്നതിന് കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം ഈഞ്ചക്കലിൽ സ്ഥലമെടുക്കാൻ നിർദ്ദേശമുണ്ടായിരുന്നുവോ;

(ബി) എങ്കിൽ ഈ സ്ഥലം എടുക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്നു വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥലം വ്യക്തികൾക്കു തിരിച്ചു കൊടുക്കാനോ വിൽക്കുവാനോ തീരുമാനിക്കുകയുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) അവാർഡ് തുകയായ 3 കോടി 30 ലക്ഷം രൂപ അടയ്ക്കുവാൻ ഡിസ്ട്രിക്ട് കളക്ടർ ആവശ്യപ്പെടുകയും സാമ്പത്തിക പരിമിതിമൂലം തുക അടയ്ക്കുവാൻ കഴിയാത്ത വരികയും ചെയ്ത സാഹചര്യത്തിൽ അക്വസിഷൻ നടന്നില്ല. എന്നാൽ 14.3.2000-ൽ നടന്ന കെ.എസ്.ആർ.ടി.സി. ബോർഡ് മീറ്റിംഗിൽ അക്വിസിഷൻ നടപടികൾ തുടരേണ്ടതാണെന്ന് തീരുമാനിക്കുകയും അതിനനുസരിച്ച് നടപടികൾ കൈക്കൊണ്ടുവരികയും ചെയ്തു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബാധകമല്ല.

പുതിയ ബസ്സുകൾ വാങ്ങുന്നതിന് എടുത്തിട്ടുള്ള വായ്പ

95(1022) ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ബസ്സുകൾ വാങ്ങുന്നതിനായി കെ.എസ് ആർ.ടി.സി. എവിടെനിന്നെല്ലാം വായ്പ എടുത്തിട്ടുണ്ട്;

(ബി) ഓരോ സ്ഥാപനത്തിൽനിന്നും എത്ര വീതം എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വായ്പ ഉപയോഗിച്ച് എത്ര ബസ്സുകൾ വാങ്ങിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) വായ്പ തുകയിൽ എത്ര തിരിച്ചടച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ ബസ്സുകൾ വാങ്ങുന്നതിനായി കെ.റ്റി.ഡി.എഫ്.സി., ഹഡ്കോ, പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, മീനച്ചിൽ അർബൻ സഹ

LIBRARY ARCHIVES Kerala Legislative Assembly

കരണ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കെ.എസ്.ആർ.ടി.സി. വായ്പയെടുത്തിട്ടുണ്ട്.

(ബി) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും ഇതുവരെ 142,59,18,111/- രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. ഹഡ്കോയിൽനിന്ന് 100 കോടി രൂപയുടെ വായ്പാ കരാറിൽ ഒപ്പുവയ്ക്കുകയും 25 കോടി രൂപ ലഭിക്കുകയും ചെയ്തു. പ്രസ്തുത വായ്പയുടെ ബാക്കി തുകയായ 75 കോടി രൂപ മൂന്ന് തുല്യ ഗഡുക്കളായി ഈ വർഷംതന്നെ കോർപ്പറേഷന് ലഭിക്കും. കൂടാതെ പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും 257 ലക്ഷം രൂപയും മീനച്ചിൽ അർബൻ സഹകരണ ബാങ്കിൽനിന്ന് 35 ലക്ഷം രൂപയും വായ്പയായി ലഭിച്ചിട്ടുണ്ട്.

(സി) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് ഇതുവരെ 1533 ബസ്സുകളും, ഹഡ്കോ വായ്പ ഉപയോഗിച്ച് 213 ബസ്സുകളും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് വായ്പ ഉപയോഗിച്ച് 30 ബസ്സുകളും മീനച്ചിൽ അർബൻ സഹകരണ ബാങ്ക് വായ്പ ഉപയോഗിച്ച് 5 ബസ്സുകളും വാങ്ങിയിട്ടുണ്ട്.

(ഡി) കെ.റ്റി.ഡി.എഫ്.സി. വായ്പ തുകയിൽ 113,57,13,475/- രൂപയും ഹഡ്കോ വായ്പ തുകയിൽ 31.05.2000 വരെ 22 ലക്ഷം രൂപയും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് വായ്പയിൽ 44 ലക്ഷം രൂപയും മീനച്ചിൽ അർബൻ സഹകരണ ബാങ്ക് വായ്പയിൽ 85,000/- രൂപയും തിരിച്ചടച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുതുതായി വാങ്ങുന്ന ബസ്സുകൾ

96(1024) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പുതിയ ബസ്സുകൾ റോഡിലിറക്കി എന്ന് വെളിപ്പെടുത്തുമോ,

(ബി) ഈ വർഷം എത്ര ബസ്സുകളാണ് പുതുതായി വാങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ബസ്സുകൾ റോഡിലിറക്കുമ്പോൾ വിവിധ ജില്ലകളിലെ ഡിപ്പോകൾക്ക് ബസ് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ മലപ്പുറം പെരിന്തൽമണ്ണ, പൊന്നാനി ഡിപ്പോകൾക്ക് എത്ര പുതിയ ബസ്സുകൾവീതം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ കുറവായ മലപ്പുറം ജില്ലയിൽ കൂടുതൽ ബസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 273.

(ബി) 1200.

(സി) പുതിയ സർവ്വീസുകൾ തുടങ്ങുന്ന ഡിപ്പോകൾക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്നു. ലൈലാന്റ് ഡിപ്പോകൾക്ക് ലൈലാന്റ് ബസുകളും റ്റാറ്റാ ഡിപ്പോകൾക്ക് റ്റാറ്റാ വാഹനങ്ങളും നൽകുന്നു. കൂടാതെ മോട്ടോർ വാഹന നിയമ പ്രകാരം പഴക്കം ചെന്ന വാഹനങ്ങൾക്ക് പകരമായും

LIBRARY ARCHIVES Kerala Legislative Assembly